# Prime Minister speaks on phone with the Federal Chancellor of Germany, His Excellency Olaf Scholz

January 05, 2022

---

## ജർമ്മനിയിലെ ഫെഡറൽ ചാൻസലർ ബഹുമാന്യനായ ഒലാഫ് ഷോൾസുമായി പ്രധാനമന്ത്രി ഫോൺ സംഭാഷണം നടത്തി

ജനുവരി 05, 2022

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് ജർമ്മനി ഫെഡറൽ ചാൻസലർ ബഹുമാന്യനായ ഒലാഫ് ഷോൾസുമായി ഫോൺ സംഭാഷണം നടത്തി.

ചാൻസലറായി നിയമിതനായ ശ്രീ ഷോൾസിനെ  പ്രധാനമന്ത്രി അഭിനന്ദിച്ചു. ഇന്ത്യ-ജർമ്മനി തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിൽ മുൻ ചാൻസലർ ഏയ്ഞ്ചല മാർക്കലിന്റെ  മഹത്തായ സംഭാവനകളെ അദ്ദേഹം അഭിനന്ദിച്ചു. കൂടാതെ ശ്രീ ഷോൾസിന്റെ നേതൃത്വത്തിൽ ഈ നല്ല മുന്നേറ്റം തുടരാൻ കാത്തിരിക്കുകയാണെന്നും അറിയിച്ചു.

പുതിയ ജർമ്മൻ സർക്കാർ പ്രഖ്യാപിച്ച ഭരണ മുൻഗണനകളും ഇന്ത്യയുടെ സ്വന്തം സാമ്പത്തിക കാഴ്ചപ്പാടും തമ്മിൽ ശ്രദ്ധേയമായ സമന്വയമുണ്ടെന്ന് ഇരു നേതാക്കളും സമ്മതിച്ചു. നിക്ഷേപവും വ്യാപാര ബന്ധങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് ഉൾപ്പെടെയുള്ള നിലവിൽ തുടർന്ന് വരുന്ന സഹകരണ സംരംഭങ്ങളുടെ സാധ്യതകൾ അവർ അവലോകനം ചെയ്തു. പുതിയ മേഖലകളിൽ സഹകരണവും വിനിമയവും കൂടുതൽ വൈവിധ്യവത്കരിക്കാനുള്ള സാധ്യതയെ അവർ അനുകൂലിച്ചു.പ്രത്യേകിച്ചും, കാലാവസ്ഥാ പ്രവർത്തനം, ഹരിത ഊർജം എന്നീ മേഖലകളിൽ പുതിയ സഹകരണ സംരംഭങ്ങൾ ആരംഭിക്കാനാകുമെന്ന് അവർ പ്രത്യാശ പ്രകടിപ്പിച്ചു, ഇരു രാജ്യങ്ങളെയും തങ്ങളുടെ കാലാവസ്ഥാ പ്രതിബദ്ധത കൈവരിക്കാനും ഇത് പ്രാപ്തരാക്കുന്നു.

പ്രധാനമന്ത്രി ചാൻസലർ ഷോൾസിനും ജർമ്മൻ ജനതയ്ക്കും പുതുവർഷ ആശംസകൾ അറിയിച്ചു.ഉഭയകക്ഷി അന്തർ-ഗവൺമെൻറ് കൺസൾട്ടേഷനുകളുടെ അടുത്ത മീറ്റിംഗിനായി അദ്ദേഹത്തെ ഉടൻ കാണുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം അറിയിച്ചു .

**ന്യൂ ഡൽഹി**
**ജനുവരി 5, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.